**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 526** **09-11-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്ക് ആധുനിക സാങ്കേതികവിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ് ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ കെ ആൻസലൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിലെ തൊഴിലാളികൾക്ക് സൗകര്യവും സുരക്ഷയും ഉറപ്പ് വരുത്തുന്നതിനായി ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ; | (എ) | മത്സ്യ ബന്ധന മേഖലയിൽ ആധുനിക സാങ്കേതിക വിദ്യ കടൽ സുരക്ഷയും നാവിഗേഷനും പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ജി.പി.എസ്സ്, എക്കോ സൗണ്ടർ, VHF മറൈൻ റേഡിയോ, DAT, വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം, ലൈഫ് ബോയികൾ എന്നിവ സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കി വരുന്നു. മത്സ്യ ബന്ധനത്തിലൂടെ പിടിച്ചെടുക്കുന്ന മത്സ്യം കേടു കൂടാതെ സൂക്ഷി ക്കുന്നതിന് സഹായകമായ ഇൻസുലേറ്റഡ് ബോക്സും സബ്സിഡിയോടെ നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്ന് ഉറപ്പു വരുത്തുന്നതിനും കടൽരക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ചു വരുന്നുണ്ട്. കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 120 ഗ്രൂപ്പുകൾക്ക് 8 ലക്ഷം രൂപ ചെലവിൽ എഫ്.ആർ.പി മത്സ്യബന്ധന യൂണിറ്റ് സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ Replacement of Marine plywood canoe with FRP എന്ന ബ്ലൂറവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയിൽ 200 FRP യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധത്തിന് പ്രാപ്തരാക്കുന്നതിന് PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയോടു കൂടി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മത്സ്യത്തൊഴി ലാളികളുടെ സുരക്ഷ മുൻനിർത്തി വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ആധുനിക സംവിധാനങ്ങളുള്ള 3 മറൈൻ ആംബുലൻസുകൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | മത്സ്യബന്ധന അനുബന്ധ മേഖലയിലെ തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഉണ്ട്. മത്സ്യബോർഡിൽ അംഗത്വമുള്ള 18 മുതൽ 70 വയസ്സുവരെയുള്ള പ്രവർത്ത നോന്മുഖ മത്സ്യത്തൊഴിലാളികളെയും അനുബന്ധത്തൊഴിലാളികളെയും ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി പ്രകാരം ഓരോ വർഷവും ഇൻഷ്വർ ചെയ്തുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാത്ത ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 50,000/- രൂപ മത്സ്യ ത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | |
|---|---|
| അപകടമരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5,00,000/- രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യഭ്യാസ സഹായം | 5000/-രൂപ പ്രകാരം പരമാവധി 10,000/- രൂപ |
| അപകടംമൂലം24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |
| ശവസംസ്കാര ചെലവ് | 2,500/- രൂപ |